I/38357/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം-2023

**കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ -2023**
**അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി**

2023 **മെയ് 17 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും മുംബൈ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്ക്** ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2023-Candidate Portal'** എന്ന ലിങ്ക് വഴി 2023 **മെയ് 4 മുതൽ** ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അപേക്ഷകർ അവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകരുടെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Admit card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് പരീക്ഷാ ഹാളിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതല്ല. വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമാണ്. അപേക്ഷയിൽ എഞ്ചിനീയറിംഗ് കോഴ്സോ, ഫാർമസി കോഴ്സോ തെരഞ്ഞെടുക്കാതെ, മെഡിക്കൽ ആർക്കിടെക്ചർ കോഴ്സുകൾക്ക് മാത്രമായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നതല്ല. എന്നാൽ അവർക്ക് പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

അപ്‌ലോഡ് ചെയ്ത ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയിൽ അപാകതയുള്ള അപേക്ഷകരുടെയും, Class X സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാത്തവരുടേയും, അപ്‌ലോഡ് ചെയ്തതിൽ അപാകതയുള്ളവരുടേയും, അപേക്ഷാ ഫീസിന്റെ ബാക്കി തുക ഒടുക്കാനുള്ളവരുടെയും അഡ്മിറ്റ് കാർഡ് പോർട്ടലിൽ ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപേക്ഷകർ പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. അപേക്ഷാ ഫീസ് അടയ്ക്കാനുള്ളവർ ഓൺലൈനായി അടയ്ക്കേണ്ടതും ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയിൽ ന്യൂനതയുള്ളവർ അതത് ലിങ്ക് വഴി ന്യൂനതയില്ലാത്ത ഇമേജ് അപ്‌ലോഡ് ചെയ്ത് അപാകതകൾ പരിഹരിക്കേണ്ടതുമാണ്. പത്താംക്ലാസ്സ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നവർ അതിനായി നൽകിയിരിക്കുന്ന ലിങ്ക് വഴി സർട്ടിഫിക്കറ്റിന്റെ PDF ഫോർമാറ്റിലുള്ള ഒറിജിനൽ കോപ്പി അപ്‌ലോഡ് ചെയ്യേണ്ടതാണ്. **മെയ് 8 വൈകുന്നേരം 4 മണിക്ക്** മുമ്പായി പ്രസ്തുത അപാകതകൾ പരിഹരിക്കാത്തവരുടെ അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കുന്നതല്ല. ഓൺലൈൻ അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച മറ്റ് സർട്ടിഫിക്കറ്റുകളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ **'candidate portal'** വഴി പിന്നീട് അറിയിക്കുന്നതും ന്യൂനതകൾ പരിഹരിക്കുന്നതിന് അപ്പോൾ അവസരം നൽകുന്നതുമാണ്.

താഴെ പറയുന്ന രേഖകൾ ഏതെങ്കിലും അഡ്മിറ്റ് കാർഡിനോടൊപ്പം പരീക്ഷാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. സ്കൂൾ തിരിച്ചറിയൽ രേഖ/പാൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/വോട്ടർ തിരിച്ചറിയൽ രേഖ/പാസ്പോർട്ട്/ആധാർ കാർഡ്/ഇ-ആധാർ/പന്ത്രണ്ടാം ക്ലാസ്സ് ഹാൾ ടിക്കറ്റ്/അല്ലെങ്കിൽ അഡ്മിറ്റ് കാർഡ്/ബാങ്ക് പാസ്സ്ബുക്ക് (എല്ലാം ഫോട്ടോ പതിപ്പിച്ചിട്ടുള്ളത്) എന്നിവ അനുവദനീയമായ തിരിച്ചറിയൽ രേഖകളാണ്. ഈ രേഖകളിൽ ഏതെങ്കിലും ഇല്ലെങ്കിൽ പരീക്ഷാർത്ഥി പന്ത്രണ്ടാം ക്ലാസ്സ് പഠനം പൂർത്തിയാക്കിയ സ്ഥാപനത്തിന്റെ മേധാവി/ഗസറ്റഡ് ഓഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ് ഹാജരാക്കാവുന്നതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചിരിക്കേണ്ടതും അത് സ്ഥാപനമേധാവി/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

I/38357/2023

പ്രവേശന പരീക്ഷ സംബന്ധിച്ച എല്ലാ വിശദ വിവരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവേശന പരീക്ഷ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി എല്ലാ വിദ്യാർത്ഥികളും മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Inbasekar K Ias
Date: 04-05-2023 10:47:41

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04-05-2023